**1021**

1 ലോകെ ഞാനെൻ ഓട്ടം തികച്ചു സ്വർഗ്ഗഗേഹെ വിരുതിനായി
പറന്നീടും ഞാൻ മറുരൂപമായ് പരനേശുരാജൻ സന്നിധൗ

ദൂതസംഘമാകവെ എന്നെ എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നിടുന്നേ ശുഭ്രവസ്ത്രധാരിയായ്
എന്റെ പ്രിയന്റെ മുമ്പിൽ ഹല്ലേലുയ്യാ പാടിടും ഞാൻ

2 ഏറെനാളായ് കാണ്മാൻ ആശയായ് കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം തിരുമാർവ്വോടണഞ്ഞിടുമേ-

3 നീതിമാന്മാരായ സിദ്ധൻമാർ ജീവനും വെറുത്ത വീരൻമാർ
വീണകളേന്തി ഗാനം പാടുമ്പോൾ ഞാനും ചേർന്നു പാടിടുമേ-

4 താതൻപേർക്കായ് സേവ ചെയ്തതാൽ താതനെന്നെ മാനിക്കുവാനായ്
തരുമോരോ ബഹുമാനങ്ങൾ വിളങ്ങീടും കിരീടങ്ങളായ്-

5 കൈകളാൽ തീർക്കപ്പെടാത്തതാം പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ് പരനോടുകൂടെ വാഴുമേ- **P.P.M**